**പതിനഞ്ചാം കേരള നിയമസഭ**

**ബുള്ളറ്റിൻ - ഭാഗം 2**

**2021 ആഗസ്റ്റ് 12**

**നമ്പർ: 80**

## ശ്രീ. പി.ടി.തോമസ്, എം.എൽ.എ. ശ്രീ. ബെന്നി ജോസഫിനെതിരെ സമർപ്പിച്ച പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്

2021 ജൂൺ 1-ാം തീയതി തന്റെ മണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചട്ടം 62 പ്രകാരം മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സഭയിൽ ചെയ്ത പ്രസംഗത്തിനെ തനിക്ക് ഹാനികരമാംവിധം വസ്തുതാ വിരുദ്ധമായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ യൂട്യൂബ് ചാനലിലെ പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായെന്നും, ഇങ്ങനെ ചെയ്യുക വഴി ശ്രീ. ബെന്നി ജോസഫ് ഭരണഘടനയിലെ അനുച്ഛേദം 194 പ്രകാരം നിയമസഭാസാമാജികനെന്ന നിലയിലുള്ള തന്റെ അവകാശങ്ങളെ ഹനിച്ചിരിക്കുകയാണെന്നും, ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ.പി.ടി.തോമസ്, എം.എൽ.എ. നൽകിയ അവകാശലംഘനനോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 11.08.2021-ന് റഫർ ചെയ്തിരിക്കുന്നു.

എസ്.വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.